പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2848.

14.02.2013-ലെ മറുപടിയ്ക്ക്

## സുരക്ഷിത വിനോദസഞ്ചാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി**<br>**ശ്രീ. പി.ബി.അബ്ദുൾ റസാക്**<br>**ശ്രീ. സി. മോയിൻകുട്ടി**<br>**ശ്രീ. പി.കെ. ബഷീർ** | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വിനോദസഞ്ചാരമേഖലയിൽ ഉൾനാടൻ ജലാശയങ്ങളിലെ സുരക്ഷിതത്വത്തിനും ആകർഷണീയതയ്ക്കും ഭീഷണിയുയർത്തുന്ന ബോട്ടപകടങ്ങൾ നിയന്ത്രിക്കുന്നതിൽ വിനോദസഞ്ചാര വകുപ്പ് വഹിക്കുന്ന പങ്ക് വിശദമാക്കുമോ; | (എ) ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) ജലാശയ വിസ്തൃതിക്കനുഗുണമല്ലാത്ത വിധം വിനോദ സഞ്ചാരയാനങ്ങളുടെ എണ്ണത്തിലെ വർദ്ധന, ഉടമകൾ തമ്മിലുള്ള മത്സരങ്ങൾ, സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവ നിയന്ത്രിക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br><br>(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചേർന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | **(ബി)യും (സി)യും**<br>ടൂറിസം സെക്രട്ടറി ചെയർമാനും, ആലപ്പുഴ ജില്ലാ കളക്ടർ കൺവീനറുമായി ഒരു ഉന്നതതല ഉദ്യോഗസ്ഥ സമിതി ടൂറിസ്റ്റ് ബോട്ടപകടങ്ങൾ തടയാനായി ഒരു സമഗ്ര പഠനം നടത്തി വരുന്നു. ഈ കമ്മിറ്റിയുടെ കണ്ടെത്തൽ സർക്കാരും ടൂറിസം വകുപ്പും, തുറമുഖം, പോലീസ്, ഡി.റ്റി.പി.സി.-കൾ അടക്കമുള്ള അനുബന്ധ വകുപ്പുകളും ഏജൻസികളും ചേർന്ന് നടപ്പിലാക്കുമ്പോൾ ഈ പ്രശ്നത്തിൽ ഒരു പരിഹാരം |

കാണാനാകും. തുറമുഖ വകുപ്പ് സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തിയാണ് ഇപ്പോൾ ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകുന്നത്. രജിസ്ട്രേഷൻ ലഭിച്ച ബോട്ടുകളുടെ സുരക്ഷാ സംവിധാനം കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും തുറമുഖ വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ഡി) 2012 ൽ പ്രസ്തുത മേഖലയിൽ എത്ര അപകട മരണങ്ങൾ ഉണ്ടായിട്ടുണ്ട്; അപകടമരണങ്ങൾ കുറയ്ക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

(ഡി) അപകടമരണങ്ങളുടെ കണക്ക് വകുപ്പിൽ ലഭ്യമല്ല. അപകടങ്ങൾ കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ